(ബി) കേന്ദ്ര സർക്കാർ അനുശാസിക്കുന്നതു മാതിരി ബാങ്കുകൾ 7 ശതമാനം പലിശ നിരക്കിൽ 3 ലക്ഷം രൂപവരെ കൃഷിക്കാർക്ക് വായ്പ നല്കി വരുന്നു. വ്യക്തിഗത വായ്പകൾക്ക് ഇതു ബാധകമാക്കിയിട്ടില്ല.

(സി) RBI/IBA നിർദ്ദേശ പ്രകാരമുള്ള സർവ്വീസ് ചാർജ്ജ് മാത്രമേ ബാങ്കുകൾ ഈടാക്കുന്നുള്ളു.

വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സംസ്ഥാനം കേന്ദ്രത്തിന് സമർപ്പിച്ച പദ്ധതി

63 (4414) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സംസ്ഥാനം കേന്ദ്രത്തിന് സമർപ്പിച്ച പദ്ധതിരേഖ സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ ;

(ബി) പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിൽനിന്നും എന്തെങ്കിലും ഉറപ്പ് സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോ ;

(സി) പദ്ധതിയുടെ ഭാഗമായി പുതിയതായി ആരംഭിക്കപ്പെടാവുന്ന പൊതു വിതരണ ശാലകളുടെ ജില്ലാതല വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) പദ്ധതി രേഖയുടെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്.*

(ബി) ഇല്ല.

(സി) സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്ന എല്ലാ റേഷൻ കടകൾ വഴിയുമാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയുന്നതിന് സ്വീകരിച്ച നടപടികൾ

64 (4415) ശ്രീ വി. എൻ. വാസവൻ :
ശ്രീ. പി. വിശ്വൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. വി. ശശികുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരിഞ്ചന്തയും പൂഴ്ത്തിവെയ്പ്പും തടയുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) റേഷൻ ഭക്ഷ്യധാന്യങ്ങളും മണ്ണെണ്ണയും കരിഞ്ചന്തയിലേക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

കടത്തുന്ന റാക്കറ്റുകളെ പിടികൂടാൻ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) പൊതു വിപണിയിലെ കച്ചവടസ്ഥാപനങ്ങളും ഗോഡൗണുകളും പരിശോധിച്ച് കരിഞ്ചന്തക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) റേഷൻ വ്യാപാര കേന്ദ്രങ്ങളിലും പൊതു വിപണിയിലും പരിശോധനകൾ ശക്തമാക്കിയിട്ടുണ്ട്. വകുപ്പിലെ ഉദ്യോഗസ്ഥരും ലീഗൽ മെട്രോളജി, പോലീസ് തുടങ്ങിയ വകുപ്പിലെ ഉദ്യോഗസ്ഥരുമായി ചേർന്ന് പരിശോധനകളും റെയ്ഡുകളും കർശനമാക്കിയിട്ടുണ്ട്. ഭക്ഷ്യോപദേശക വിജിലൻസ് സമിതികൾ, പ്രൈസ് മോണിറ്ററിംഗ് സെല്ലുകൾ എന്നിവയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. എഫ്.സി.ഐ. ഗോഡൗണിൽനിന്നും മൊത്ത വ്യാപാരികളുടെ വിട്ടെടുക്കൽ നിരീക്ഷിക്കുന്നതിനും മൊത്ത വ്യാപാര ഡിപ്പോകളിലെ വിതരണം നിരീക്ഷിക്കുന്നതിനും ഉദ്യോഗസ്ഥരെ എഫ്.സി.ഐ. യിലും മൊത്തവ്യാപാര ഡിപ്പോകളിലും നിയോഗിച്ചിട്ടുണ്ട്.

(ബി) ഭക്ഷ്യധാന്യങ്ങളുടെ കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയുന്നതിനായി റേഷനിംഗ് ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള ഫീൽഡ് ഓഫീസർമാരെയും വിവിധ വകുപ്പുകളെയും ഉൾപ്പെടുത്തി സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് പ്രസിഡന്റ്, പഞ്ചായത്ത് അംഗങ്ങൾ, രാഷ്ട്രീയ സാമൂഹ്യ പ്രവർത്തന രംഗത്തെ പ്രതിനിധികൾ എന്നിവരടങ്ങുന്ന പരിശോധനാ സമിതികളും രൂപീകരിച്ചിട്ടുണ്ട്.

(സി) 2009 ഏപ്രിൽ മുതൽ 2010 മാർച്ച് വരെ പൊതുവിപണിയിൽ 48,654 പരിശോധനകൾ നടത്തിയിട്ടുണ്ട്. ഈ പരിശോധനയിൽ ആകെ 20 പേരെ അറസ്റ്റ് ചെയ്യുകയും 2 പേരെ പ്രോസിക്യൂട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്.

ഇന്ധനവിലയുടെ മറവിൽ നടക്കുന്ന പൂഴ്ത്തിവയ്പ് തടയുന്നതിന് നടപടി

65 (4416) ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. കെ. രാജു :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ധനവില വർദ്ധനവിന്റെ മറവിൽ അനധികൃത വിലക്കയറ്റം സൃഷ്ടിക്കുന്നതു തടയാൻ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ ഇവർക്ക് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly